# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3634 15/12/2014ൽ മറുപടിക്ക്

**മത-സാമുദായിക സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിലെ അംഗത്വം**

| ചോദ്യം : | ഉത്തരം : |
| --- | --- |
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) മത, സാമുദായിക, രാഷ്ട്രീയ, ചാരിറ്റബിൾ സംഘടനകളുമായി ബന്ധപ്പെട്ട കമ്മിറ്റികളിൽ സർക്കാർ, പൊതുമേഖലാ, എയ്ഡഡ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അംഗമാകുന്നതിനോ ഭാരവാഹിയാകുന്നതിനോ വിലക്കുന്ന സർക്കാർ ഉത്തരവ് നിലവിലുണ്ടോ; കോപ്പി ലഭ്യമാക്കാമോ; | (എ) 07.08.2014ലെ G.O(P)27/14/P&ARD പ്രകാരം കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960 ബാധകമായ എല്ലാ സർക്കാർ ജീവനക്കാർക്കും മത/സാമുദായിക സംഘടനകളുടെ ഭാരവാഹിത്വം വഹിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ഉണ്ടെങ്കിൽ, പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) പ്രസ്തുത ഉത്തരവ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ചില ജാതി/ സാമുദായിക സംഘടനകൾ അപേക്ഷ സമർപ്പിച്ചിരുന്നു. |
| (സി) പ്രസ്തുത ഉത്തരവ് പിൻവലിക്കുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്